**<u>01/10/2024 തീയതിയിൽ 4.15 PM -ന് ജോയിൻറ് മാനേജിങ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ റവന്യൂ അവലോകന യോഗത്തിന്റെ മിനുട്സ്</u>**

4.15 PM -ന് യോഗം ആരംഭിച്ചു. ജോയിൻറ് മാനേജിങ് ഡയറക്ടർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

2024 ജൂലൈ മാസത്തെ അപേക്ഷിച്ച് സെപ്റ്റംബർ മാസത്തിലെ കളക്ഷനിൽ 20 ശതമാനത്തിലധികം കുറവ് വന്ന താഴെ പറയുന്ന 11 ഡിവിഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട്, കളക്ഷൻ കുറവായതിനുള്ള കാരണങ്ങൾ അവലോകനം ചെയ്യുന്നതിനു വേണ്ടിയാണ് ഈ യോഗം നടന്നത്.

1. നെയ്യാറ്റിൻകര ഡിവിഷൻ
2. കൊട്ടാരക്കര ഡിവിഷൻ
3. അരുവിക്കര ഡിവിഷൻ
4. ആറ്റിങ്ങൽ ഡിവിഷൻ
5. ഇരിഞ്ഞാലക്കുട ഡിവിഷൻ
6. തൃശ്ശൂർ ഡിവിഷൻ
7. മലപ്പുറം ഡിവിഷൻ
8. തിരുവനന്തപുരം സൗത്ത് ഡിവിഷൻ
9. പി.എച്ച് ഡിവിഷൻ, കൊച്ചി
10. തിരുവല്ല ഡിവിഷൻ
11. തളിപ്പറമ്പ ഡിവിഷൻ

എന്നാൽ മിക്ക ഡിവിഷനുകൾക്കും പ്രതിമാസ ഡിമാന്റിൽ തന്നെ കാര്യമായ കുറവ് വന്നിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഓരോ ഡിവിഷനുകളോടായി പ്രതിമാസ കളക്ഷൻ, ഡിമാൻഡ് ഇവ കുറയുവാനുണ്ടായ കാരണങ്ങൾ വിശദമാക്കുവാൻ ജോയിൻറ് മാനേജിങ് ഡയറക്ടർ ആവശ്യപ്പെട്ടു.

ബി.പി.എൽ ഉപഭോക്താക്കളുടെ 2024 ജനുവരി മുതലുള്ള സബ്സിഡി തുക ലെഡ്ജറിൽ കുറവാകാതെ നിലനിൽക്കുകയും ജൂലൈ മാസത്തോടു കൂടി ഒരുമിച്ച് കുറവ് വരുത്തുകയും ചെയ്തതാണ് ഡിമാൻഡ് കുറയാൻ ഇടയായതെന്നും ബില്ലിങ്ങിൽ ഉള്ള പിശകാണെന്നും ഒരു മാസം തന്നെ മൂന്ന് തവണ വരെ റദ്ദാക്കിയ ശേഷമാണ് ശരിയായ ഡി.സി.ബി ജനറേറ്റ് ചെയ്യാൻ പറ്റുന്നതെന്നും റവന്യൂ ഓഫീസർമാർ അഭിപ്രായപ്പെട്ടു.

പ്രതിമാസ ഡിമാൻഡിനനുസരിച്ചുള്ള കളക്ഷൻ ഉണ്ടാകേണ്ടതാണെന്നും വാട്ടർ ചാർജ് പിരിച്ചെടുക്കുന്നതിൽ റവന്യൂ ഓഫീസർമാർ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണെന്നും ജോയിൻറ് മാനേജിങ് ഡയറക്ടർ നിർദേശിച്ചു. സർക്കാരിൽ നിന്നും ഗ്രാൻഡ് ഇനത്തിൽ തുകയൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ, വാട്ടർ ചാർജ് കളക്ഷൻ കൊണ്ട് മാത്രം പ്രതിമാസ ചെലവുകൾ നടത്തിപ്പോകുന്ന വാട്ടർ അതോറിറ്റിയുടെ നിലനില്പിനെത്തന്നെ ബാധിക്കുന്നതാണ് കളക്ഷനിൽ ഉണ്ടാകുന്ന കുറവ് എന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് ജീവനക്കാരെല്ലാം പ്രവർത്തിക്കേണ്ടതാണെന്ന് ജോയിൻറ് മാനേജിങ് ഡയറക്ടർ അറിയിച്ചു.

<u>പ്രധാന യോഗതീരുമാനങ്ങൾ</u>

- ബി.പിഎൽ സബ്സിഡി ലെഡ്ജറിൽ നിന്നും ഒഴിവാക്കിയത് ഡിമാൻഡ് കുറയാൻ കാരണമായിട്ടുണ്ടോ എന്ന് പരിശോധിച്ച് ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസറെ അറിയിക്കേണ്ടതാണ്. നടപടി: ആർ.എം.സി.

- അൺ-ഐഡന്റിഫൈഡ് കണക്ഷനുകൾ ഉള്ള ഡിവിഷനുകൾ, എന്ത്കൊണ്ട് ടി കണക്ഷനുകൾ അൺ-ഐഡന്റിഫൈഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി എന്നത് വ്യക്തമാക്കിക്കൊണ്ട് അൺ-ഐഡന്റിഫൈഡ് കണക്ഷനുകളുടെ ലിസ്റ്റ് ഹെഡ് ഓഫീസിലേക്ക് നൽകേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ.
- ഗവണ്മെന്റ് സ്ഥാപങ്ങൾക്ക് നൽകുന്ന അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വാട്ടർ ചാർജ് ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ
- സ്പെഷ്യൽ കണക്ഷനുകളിൽ നിലനിൽക്കുന്ന കുടിശ്ശിക 31-10-2024 നു മുൻപായി പിരിച്ചെടുക്കേണ്ടതാണ്. നടപടി: സീനിയർ സൂപ്രണ്ട്
- ആർ.എം.സി.
- Decided to verify/assess Division office which r yet to process and dispose BPL claims , till date and to report the same to JMD ..[ action - FM]
- Directed to submit office and number of BPL claims pending as on 31/3/24 and 30/9/24
- Decided to conduct special audit in KOTTARAKARA , ARUVIKARA where demand has fallen drastically and to submit the report with in 7 days [Action -FM]

5.30 PM -ന് യോഗം അവസാനിച്ചു.

Binu Francis IAS
JOINT MD KWA

Signed by
Binu Francis
Date: 06-10-2024 09:37:52